7200
7/12/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പാർലമെന്ററികാര്യ വകുപ്പ് - 07.12.2018-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് മന്ത്രിസഭാ യോഗ തീരുമാനം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പാർലമെന്ററികാര്യ (ബി) വകുപ്പ്**

**സ.ഉ(സാധാ) നം. 63/2018/പാ.കാ.വ** **തിരുവനന്തപുരം, തീയതി : 06/12/2018**

---

പരാമർശം : 1) നിയമസഭാ സെക്രട്ടറിയുടെ 03/12/2018 തീയതിയിലെ 6695/പി.എം.ബി.ആർ.1/2018/നി.സെ നമ്പർ കത്ത്.

2) 05.12.2018 ലെ മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

**07.12.2018**-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന താഴെപ്പറയുന്ന മൂന്ന് അനൗദ്യോഗിക പ്രമേയങ്ങളിൽ ക്രമ നമ്പർ 1), 2) അനുകൂലിക്കുവാനും ക്രമനമ്പർ 3) അനുകൂലിക്കേണ്ടതില്ലെന്നും പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം ബന്ധപ്പെട്ട മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്.

**<u>ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ</u>**

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ മന്ത്രി | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1) | ശ്രീ. മുല്ലക്കര രത്നാകരൻ (ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയതനുസരിച്ച് ) | "കേരളത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നയങ്ങൾ കേരളത്തിന്റെ താൽപര്യങ്ങൾക്ക് തികച്ചും വിരുദ്ധവും ഹാനികരവുമാണ്. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തുല്യാവകാശമാണെന്ന അടിസ്ഥാന തത്വം പോലും മറന്നാണ് കേന്ദ്ര സർക്കാരിന്റെ നടപടികൾ. ഈ നൂറ്റാണ്ടുകണ്ട ഏറ്റവും വലിയ പ്രളയത്തിനിരയായ കേരളത്തിലെ ജനങ്ങളോട് നീതിപൂർവ്വമായും | റവന്യൂവും ഭവനനിർമ്മാണവും | അനുകൂലിക്കേണ്ടതാണ് |

| | | | | |
|---|---|---|---|---|
| | | സഹാനുഭൂതിയോടെയുമുള്ള സമീപനം സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു". | | |
| 2) | ശ്രീ. കെ.ഡി. പ്രസേനൻ | "പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം റെയിൽവേ ഡിവിഷൻ രൂപീകരിച്ച വേളയിൽ നഷ്ടപരിഹാരമായി കേരളത്തിന്റെ ദീർഘകാല ആവശ്യമായിരുന്ന റെയിൽ കോച്ച് ഫാക്ടറി കഞ്ചിക്കോട്ട് സ്ഥാപിക്കുന്നതാണെന്ന് 2008 09 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. 28/01/2012 ൽ 239 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറിയതിനെ തുടർന്ന് 2012 ഫെബ്രുവരി 21-ന് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടു. 2008-ൽ കഞ്ചിക്കോട്ട് റെയിൽ ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച റായ്ബറേലി കോച്ച് ഫാക്ടറി 2012 നവംബർ 7-ന് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇതുവരെയും കഞ്ചിക്കോട് കോച്ച് ഫാക്ടറിയുടെ നിർമ്മാണം ആരംഭിക്കുകയോ 10 ലക്ഷം രൂപ നാമമാത്രമായി വകയിരുത്തിയതല്ലാതെ കൂടുതൽ തുക അനുവദിക്കുകയോ ചെയ്തിട്ടില്ല. കേന്ദ്ര പൊതുമേഖലാ നിക്ഷേപം തീരെ കുറഞ്ഞ കേരളത്തിൽ റെയിൽ കോച്ച് ഫാക്ടറി ആരംഭിക്കാമെന്ന വാഗ്ദാനം എത്രയും പെട്ടെന്ന് സഫലമാക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഏകകണ്ഠമായി ആവശ്യപ്പെടുന്നു". | പൊതുമരാമത്തും രജിസ്ട്രേഷനും | അനുകൂലിക്കേ-ണ്ടതാണ് |
| 3) | ശ്രീ. പി.കെ. അബ്ദുറബ്ബ് | "സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ കൊണ്ടുവന്നിട്ടുള്ള പുതിയ മാനദണ്ഡങ്ങൾ, വർഷങ്ങളായി ഈ പെൻഷനുകൾ വാങ്ങുന്നവരുടെ അവകാശം നിഷേധിച്ചിരിക്കുകയാണ്. | തദ്ദേശസ്വയം ഭരണം | അനുകൂലിക്കേ-ണ്ടതില്ല. |

നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കൂടുതൽ പേർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനു പകരം സർക്കാർ അർഹരായവരെ ഒഴിവാക്കുന്നത് പ്രതിഷേധാർഹമാണ്. അതിനാൽ പെൻഷൻ പദ്ധതിയിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്താൻ ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു".

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്

*(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)*

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ബന്ധപ്പെട്ട വകുപ്പുകൾക്ക്

(ഈ വകുപ്പിന്റെ 03/12/2018-ലെ **പാ.കാ.വ–ബി1/159/2018–പാ.കാ.വ** നം. കത്ത് /അനൗദ്യോഗിക കുറിപ്പ് പ്രകാരം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പൊതുഭരണ (എസ്.സി) വകുപ്പ്.

(..........-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നമ്പർ ........ പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :- ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
പാർമെന്ററി കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പാർമെന്ററി കാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

3075310/2018/OS-PAD

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 05-12-2018

ഇനം നം: 2680
O.A.

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 07.12.2018-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : അനൗദ്യോഗിക പ്രമേയങ്ങൾ ക്രമ നമ്പർ 1), 2) അനുകൂലിക്കുവാനും ക്രമ നമ്പർ 3) അനുകൂലിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പാർലമെന്ററികാര്യ വകുപ്പ്

3075310/2018/OS-PAD

2680 OA
05-12-2018

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

07.12.2018 ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 14-ാം കേരള നിയമസഭയുടെ 13-ാം സമ്മേളനത്തിൽ 07.12.2018 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

## ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ. മുല്ലക്കര രത്നാകരൻ (ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയതനുസരിച്ച്) | "കേരളത്തിലുണ്ടായ പ്രളയദുരന്തവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്ന നയങ്ങൾ കേരളത്തിന്റെ താൽപര്യങ്ങൾക്ക് തികച്ചും വിരുദ്ധവും ഹാനികരവുമാണ്. ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തുല്യാവകാശമാണെന്ന അടിസ്ഥാനതത്വം പോലും മറന്നാണ് കേന്ദ്ര സർക്കാരിന്റെ നടപടികൾ. ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിനിരയായ കേരളത്തിലെ ജനങ്ങളോട് നീതിപൂർവ്വമായും സഹാനുഭൂതിയോടെയുമുള്ള സമീപനം സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു". | റവന്യൂവും ഭവനനിർമ്മാണവും |
| 2 | ശ്രീ. കെ.ഡി. പ്രസേനൻ | "പാലക്കാട് റെയിൽവേ ഡിവിഷനെ വിഭജിച്ച് സേലം റെയിൽവേ ഡിവിഷൻ രൂപീകരിച്ച വേളയിൽ നഷ്ടപരിഹാരമായി കേരളത്തിന്റെ ദീർഘകാല ആവശ്യമായിരുന്ന റെയിൽ കോച്ച് ഫാക്ടറി കഞ്ചിക്കോട്ട് സ്ഥാപിക്കുമെന്നാണ് 2008-09 ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നത് [illegible] | പൊതുമരാമത്തും രജിസ്ട്രേഷനും |

| | | | |
|---|---|---|---|
| | | സഹായമാക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യമായി ആവശ്യപ്പെടുന്നു" | |
| 3 | ശ്രീ. പി.കെ.അബ്ദുറബ്ബ് | " സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ കൊണ്ടുവന്നിട്ടുള്ള പുതിയ മാനദണ്ഡങ്ങൾ, വർഷങ്ങളായി ഈ പെൻഷനുകൾ വാങ്ങുന്നവരുടെ അവകാശം നിഷേധിപ്പിക്കുന്നതാണ്. നിലവിലുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കൂടുതൽ പേർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് പകരം സർക്കാർ, അർഹരായവരെ ഒഴിവാക്കുന്നത് പ്രതിഷേധാർഹമാണ്. അതിനാൽ പെൻഷൻ പദ്ധതിയിൽ അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്താൻ ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു" | തദ്ദേശസ്വയം ഭരണം |

3) പ്രസ്തുത പ്രമേയങ്ങൾ 07/12/2018 ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

07-12-2018 ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2 & 3 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കണം?